
# US PROFILES



## രതീദേവി







# രതീദേവി

# എഴുത്തിലെ വിപ്ലവകാരി

◉ മീട്ടു റഹ്മത്ത് കലാം

'മഗ്ദലീനയുടെ പെൺസുവിശേഷം' എന്ന നോവലിലൂടെ വിശ്വ സാഹിത്യത്തിൽ തന്റേതായ ഇരിപ്പിടം വലിച്ചിട്ട രതീദേവി, അമേരിക്കൻ മലയാളികൾക്ക് സുപരിചിതയാണ്. ആരെയും പ്രീതിപ്പെടുത്താൻ സ്വന്തം നിലപാടുകളിൽ നിന്ന് വ്യതിചലിക്കാൻ അവർ ഒരുക്കമല്ല.

അധികാരം കയ്യാളുന്നവർക്ക് മുന്നിൽ ഭയം കൊണ്ട് നിശബ്ദരായി തീർന്നവരുടെ ശബ്ദമായി മാറാനും അവർക്കുവേണ്ടി ഏതറ്റം വരെയും പോരാടാനും രതീദേവിക്ക് മടിയില്ല.

എഴുത്തുകാരി,അഭിഭാഷക, സാമൂഹിക പ്രവർത്തക തുടങ്ങി കൈവയ്ക്കുന്ന മേഖലകളിലെല്ലാം സ്വതസിദ്ധമായ ശൈലി വെട്ടിത്തെളിച്ച അവർക്ക് കേരളത്തിലെയും അമേരിക്കയിലെയും സമകാലീന അവസ്ഥകളെക്കുറിച്ച് പറയാൻ ഏറെയുണ്ട്...

**ബാല്യകാലം?**

വലിയൊരു ആകാശത്തിന് കീഴിലായിരുന്നു എന്റെ കുട്ടിക്കാലം. സാമൂഹികവും സാംസ്കാരികവുമായി ഉയർന്ന ചിന്താഗതിയുള്ള പഴയകാല കമ്യൂണിസ്റ്റ് കുടുംബത്തിലാണ് ജനിച്ചത്. അയല്പക്കക്കാർ വീടിനോട് ചേർന്ന് പശുക്കളെയും കോഴികളെയും വളർത്തുമ്പോൾ, എന്റെ വീട്ടുകാർ ട്യൂട്ടോറിയൽ നടത്തുന്നത് കണ്ട് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി. അഞ്ചാം ക്ലാസ് മുതൽ എം.എ വിദ്യാർത്ഥികൾ വരെ അവിടെ പഠിച്ചിരുന്നു. കഴിവുള്ളവർ ഫീസ് നൽകിയിരുന്നു, മറ്റുള്ളവർക്ക് പഠനം സൗജന്യമായിരുന്നു.നാട്ടിൽ മൂന്ന് ലൈബ്രറിയാണ് അക്കാലത്തുണ്ടായിരുന്നത്. അമ്മ നല്ലൊരു വായനക്കാരിയായിരുന്നു.കുറിപ്പ് കൊടുത്തുവിടുന്നതനുസരിച്ച് പുസ്തകങ്ങൾ വീട്ടിൽ എത്തുന്നത് ഇന്നും ഓർമ്മയുണ്ട്. ലൈബ്രറിയിലെ 20,000 പുസ്തകങ്ങളും






അമ്മ വായിച്ചു തീർത്തിരുന്നു, ഇനി നൽകാൻ പുതിയ പുസ്തകങ്ങൾ ഇല്ല എന്നൊരു സന്ദേശം പോലും ഒരിക്കൽ കിട്ടി.

ലണ്ടനിൽ ഒരു ബ്രിഡ്ജ് ഉണ്ടെന്നതുൾപ്പെടെ പലതും അമ്മ പറഞ്ഞുതന്ന കഥകളിലൂടെ അതേ മിഴിവോടെ ഉപബോധമനസ്സിൽ  കുട്ടിക്കാലത്ത് തന്നെ പതിഞ്ഞിരുന്നു.

പത്താം വയസ്സിൽ സ്കൂൾ പാർലമെന്റ് പ്രസിഡന്റായതുമുതൽ സംഘാടനത്തിൽ മികവ് തെളിയിച്ചു.അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി പിളരുമ്പോൾ താമരക്കുളത്ത് സി.പി.ഐ ഉണ്ടാക്കിയ മൂന്നു പേരിലൊരാൾ എന്റെ അച്ഛനാണ്. തോപ്പിൽ ഭാസി, ശങ്കരനാരായണൻ തമ്പി എന്നിവരൊക്കെ വീട്ടിൽ നിത്യസന്ദർശകരായിരുന്നു.വളർന്നപ്പോൾ എ.ഐ.വൈ.എഫ് കൊല്ലം ജില്ലാകമ്മിറ്റിയിൽ പ്രവർത്തിച്ചു. ആലപ്പുഴ ജില്ലാ പ്രസിഡന്റായിരുന്നു.കവിയരങ്ങിലും സാംസ്കാരിക രംഗത്തുമൊക്കെ സജീവമായിരുന്നു.

ദൈനംദിന വാർത്തകൾ സ്കൂൾ അസംബ്ലിയിൽ വായിച്ച് വിശകലനം ചെയ്യാൻ അവസരം ലഭിച്ചതിലൂടെ എന്റെ വീക്ഷണങ്ങളും കാഴ്ചപ്പാടുകളും നവീകരിക്കപ്പെട്ടു. വ്യക്തമായ രാഷ്ട്രീയ നിലപാടുകൾ ചെറിയപ്രായത്തിലേ ഉണ്ടായിരുന്നു. ഒന്നും മൂടിവയ്ക്കണമെന്ന ഉപദേശം ആരും തലയിൽ ഫീഡ് ചെയ്ത് തന്നിരുന്നില്ല എന്നതാണ് തിരിഞ്ഞുചിന്തിക്കുമ്പോൾ ഏറ്റവും വലിയ ഭാഗ്യമായി തോന്നുന്നത്. ലൈംഗീകത പോലെ ഏത് വിഷയത്തെക്കുറിച്ചും തുറന്നുസംസാരിക്കാൻ എനിക്ക് പൂർണ സ്വാതന്ത്ര്യം ഓർമ്മവച്ചപ്പോൾ മുതലുണ്ട്. സമൂഹത്തെ ഭയപ്പെട്ട് മനസ്സിലെ ആശയങ്ങൾ അക്ഷരങ്ങളായി പുറത്തുവിടുമ്പോൾ, തൂലികാനാമം ഉപയോഗിക്കേണ്ട സാഹചര്യം വന്നിട്ടില്ല. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ മുഖംമൂടി എടുത്തുവയ്ക്കുകയും അവരുടെ പ്രീതി നേടുകയും ചെയ്താൽ, അത് അവനവനെ വഞ്ചിക്കുന്നത് പോലെയാണ്. എന്നെ ഞാനായി നിലനിർത്തുന്നത് ബാല്യകാലം മുതൽ അനുവദിച്ചു കിട്ടിയ സ്വാതന്ത്ര്യം തന്നെയാണ്.





**ഫെമിനിസത്തിന്റെ യഥാർത്ഥ അർത്ഥം അറിയാതെ അതിനെക്കുറിച്ച് പ്രസംഗിക്കുന്നവർക്കിടയിൽ, സ്വയം എങ്ങനെ കാണുന്നു?**

പെണ്ണായി പിറന്നതുകൊണ്ട് എനിക്ക് എന്റേതായ അവകാശങ്ങളുണ്ട്. പൊതുസമൂഹത്തിലും, ഭക്ഷണത്തിലും, കിടപ്പറയിലും, സ്വപ്നങ്ങളിലും എല്ലാം പെണ്ണിന്റേതായ ഒരു വശമുണ്ട്.സ്വതസിദ്ധമായ


രാഷ്ട്രീയ അവബോധം ഓരോ






പെണ്ണിനും ഉണ്ടാകണം.കലാസൃഷ്ടികളിൽ പോലും ഫെമിനിസം ഉണ്ട്. ഇതിനെക്കുറിച്ച് ക്ലാസുകൾ എടുക്കുന്നത്, എനിക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം കൂടുതൽ പേർക്ക് കിട്ടണമെന്ന ആഗ്രഹം കൊണ്ടാണ്. മാറു മറയ്ക്കാൻ മുതൽ വോട്ട് ചെയ്യുന്നതിന് വരെയുള്ള അവകാശങ്ങൾ സ്ത്രീകൾ നേടിയെടുത്തതാണ്.

95 ലാണ് എന്റെ ആദ്യ പുസ്തകം പുറത്തിറങ്ങുന്നത്. സെക്ഷ്വയാലിറ്റിയെക്കുറിച്ചുള്ള കഥ ഒരു പതിനേഴുകാരി എഴുതുമ്പോൾ ഉണ്ടായേക്കാവുന്ന ഭൂകമ്പമൊന്നും എന്റെ വീട്ടിൽ ഉണ്ടായിരുന്നില്ല. ആനന്ദിന്റെയും ഒ.വി.വിജയന്റെയും പുസ്തകങ്ങൾക്കൊപ്പം മികച്ച പത്ത് പുസ്തകളിലൊന്നായി ആ വർഷം എന്റേതും ഇടം നേടി.




ഫെമിനിസത്തെക്കുറിച്ച് പ്രസംഗിക്കുന്ന ഒരുപാട് പേരെ നേരിട്ടറിയാം. സ്വന്തം കുഞ്ഞിനെ ഉപേക്ഷിച്ച് മറ്റൊരുവനൊപ്പം ശയിക്കുന്നതല്ല സ്ത്രീയുടെ സ്വാതന്ത്ര്യം. ഇണയോടൊ രക്തത്തിൽ പിറന്ന കുഞ്ഞിനോടൊ നീതി പുലർത്താതെ പോകുന്നത് മനുഷ്യത്വപരമല്ല. അർദ്ധരാത്രി തോന്നിയവരോട് മണിക്കൂറുകളോളം സല്ലപിച്ച് ഇറങ്ങിപ്പോകുന്നവരെ ചൂണ്ടിക്കാണിച്ച്, അതാണ് ഫെമിനിസ്റ്റുകൾ എന്ന് പറയുന്നതിനോട് യോജിപ്പില്ല. ഒരു പുസ്തകം വായിക്കണമെങ്കിൽ പോലും ഭർത്താവിനെ ഉണർത്താതെ, ലൈറ്റ് ഓൺ ആക്കാതെ മറ്റൊരു മുറിയിലേക്ക് പോകേണ്ട അവസ്ഥയാണ് മിക്ക സ്ത്രീകൾക്കുമുള്ളത്. അത്തരം നിസാരമായി തോന്നാവുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ, അതിനെതിരെയുള്ള പോരാട്ടമാണ് എന്നെ സംബന്ധിച്ച് ഫെമിനിസം കൊണ്ട് അർത്ഥമാക്കുന്നത്. പെണ്ണെഴുത്ത് എന്ന വേർതിരിവ് ശരിയല്ലെന്നാണ് വലിയൊരു പക്ഷം സ്ത്രീകൾ പോലും പറയുന്നത്. എഴുതുന്ന ആളുടെ ഉടുപ്പ് പൊക്കി നോക്കണോ എന്ന് ചോദിച്ചവരുണ്ട്.

നല്ല ഭാഷയും ഭാവനയുമുള്ള പുരുഷന്, പ്രസവത്തെക്കുറിച്ച് ഭംഗിയായി എഴുതാം. എന്നാൽ, അത് അനുഭവിച്ച സ്ത്രീയുടെ വിരൽത്തുമ്പിലൂടെ ഉതിർന്നുവീഴുന്ന അക്ഷരങ്ങളിൽ ആ വേദന കൂടി കലർന്നിട്ടുണ്ടാകും. സ്ത്രീയുടെയും പുരുഷന്റെയും അനുഭവതലങ്ങൾ അവരുടെ ശരീരം പോലെ തന്നെ വ്യത്യസ്തമാണെന്നിരിക്കെ, സ്ത്രീയുടെ അനുഭവങ്ങൾ സ്ത്രീകളിലൂടെ തന്നെ വെളിച്ചം കാണുന്നതാകും നല്ലതെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

**എഴുത്തുകാർക്ക് വായനക്കാരുടെ ജീവിതത്തെ സ്വാധീനിക്കാനാകുമോ?**

എഴുത്തുകാരി എന്ന നിലയിൽ എന്റെ പുസ്തകങ്ങൾ ആരെയെങ്കിലും സ്വാധീനിച്ചിട്ടുണ്ടോ എന്നെനിക്ക് പറയാൻ സാധിക്കില്ല. അധികം പുസ്തകങ്ങൾ എഴുതിയിട്ടുമില്ല. എന്റെ ജീവിതം മാറ്റിമറിക്കാൻ രണ്ട് എഴുത്തുകാർക്ക് കഴിഞ്ഞിട്ടുണ്ട്. ദസ്തയേവ്സ്കിയുടെയും കെസൻ സാക്കിൻസിന്റെയും രചനകൾ എന്റെ ചിന്തകളെ





അത്രമേൽ സ്വാധീനിച്ചിട്ടുണ്ട്. കൗമാരത്തിലേക്ക് കടക്കുന്നതിന് മുൻപേ ഇവരുടെ പുസ്തകങ്ങൾ വായിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഞാൻ ഇന്നത്തെ ഞാനായത്. ചെറിയ പ്രായത്തിൽ എന്റെ ഹൃദയം ഒട്ടും ആർദ്രമായിരുന്നില്ല. ഫാന്റസി കഥകളിലെ രാജകുമാരിയെപ്പോലെ സുന്ദരമായ ഫ്രോക്കിട്ട് ആകാശത്തുനോക്കി നടക്കുന്ന പെണ്ണായിരുന്നു ഞാൻ.ഭൂമിയിലെ മനുഷ്യരോടൊന്നും മമത ഉണ്ടായിരുന്നില്ല. യാചകരെ അറപ്പോടെ നോക്കിയിരുന്നു. ട്രെയിൻ മറിഞ്ഞ് കുറേപ്പേർ മരിച്ചെന്ന വാർത്ത കണ്ടാൽ, അവരൊക്കെ ജീവിച്ചിട്ട് എന്തിനാണെന്ന് ചിന്തിച്ചിരുന്നു. ദസ്തയേവ്സ്കിയാണ് സെന്റ് പീറ്റേഴ്സ്ബർഗിലെ ചെറുപ്പക്കാർ ആകാശത്തു നോക്കി നടക്കുന്നവരാണെന്ന് എന്നോട് പറഞ്ഞുതന്നത്.അവർ സ്വപ്നങ്ങളിലാണ്,ഭൂമിയെ അറിയുന്നില്ല.അനാഥർക്കും വേശ്യകൾക്കും സ്വപ്നങ്ങളുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു. തോക്കെടുത്ത് വെടിവയ്ക്കുന്നത് മാത്രമല്ല വിപ്ലവമെന്നും സാഹിത്യത്തിലൂടെ മസ്തിഷ്കത്തിലും വിപ്ലവം സാധ്യമാണെന്നും ഞാൻ മനസ്സിലാക്കി. പ്രണയത്തിലും വിപ്ലവമുണ്ട്- കൗമാരത്തിൽ തോന്നുന്ന പ്രണയത്തിൽ നിന്ന് പിന്നീടങ്ങോട്ട് അതിന്റെ ഭാവതലങ്ങൾ മാറും. പ്രണയത്തിൽ ശരീരത്തിന്റെ ആവശ്യകത പോലും വിപ്ലവമാണ്.

നാല്പതുകാർ വായിക്കുന്ന പുസ്തകം, പതിനാറ് വയസ്സിൽ വായിച്ചുതീർത്തു. എന്റെ വീക്ഷണം വിശാലമായി.അതുവരെ ഒരു വിഡ്ഢിയുടെ ലോകത്താണ് ജീവിച്ചിരുന്നതെന്ന് ബോധ്യപ്പെട്ടു. ഞാൻ ദൈവവിശ്വാസിയല്ല. എന്റെ ആത്മീയപരമായ സഞ്ചാരങ്ങൾക്ക് കസാസാക്കിൻസിനോടാണ് കടപ്പെട്ടിരിക്കുന്നത്. മരങ്ങളോടും മൃഗങ്ങളോടും എന്നുവേണ്ട സർവ്വചരാചരങ്ങളോടും ഭാഷയില്ലാതെ സംസാരിക്കാൻ കഴിയുന്നവിധത്തിൽ എന്നിലെ ആത്മീയത വികസിപ്പിച്ചു.




**വീക്ഷണം വിശാലമായിത്തീർന്നതിന് ശേഷം നടത്തിയ സാമൂഹിക ഇടപെടൽ?**


അഭിഭാഷകവൃത്തിയിലേക്ക് കടന്നതുപോലും ചില ലക്ഷ്യങ്ങളോടെയാണ്. കൊലക്കുറ്റത്തിനും വേശ്യാവൃത്തിക്കും ജയിൽ ശിക്ഷ അനുഭവിക്കുന്ന സ്ത്രീകളെ നേരിൽപ്പോയിക്കണ്ട് അവർക്കുവേണ്ടി വാദിക്കുകയും നിരപരാധികളെ മോചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പേരിൽ ഒരുപാട് പഴി കേൾക്കേണ്ടിവന്നിട്ടുണ്ട്. ഏത് കോടീശ്വരനുമുള്ള അവകാശങ്ങൾ ആ പാവങ്ങൾക്കുമുണ്ടെന്ന് വിളിച്ചുപറയുന്നതാണ് എന്റെ രാഷ്ട്രീയം. നിസ്സഹായാർക്ക് നേരെയുള്ള അനീതികൾ ഒരുകാലത്തും എനിക്ക് സഹിക്കാനാവില്ല.

**ബുക്കർ പ്രൈസിന് പരിഗണിക്കപ്പെട്ട സ്വന്തം നോവലിനെക്കുറിച്ച്?**

യുവത്വത്തിന്റെ ഏറ്റവും നല്ലകാലമായ പതിനഞ്ച് വർഷങ്ങൾ ചെലവഴിച്ചാണ് 'ദി ഗോസ്പൽ ഓഫ് മേരി മാഗ്ദലിൻ ആൻഡ് മി' എന്ന കൃതി ഞാൻ രചിച്ചത്. ആ പുസ്തകം ഒൻപത് പതിപ്പ് പിന്നിട്ടു. ഇതിന്റെ രചനയ്ക്ക് വേണ്ടിയുള്ള ഗവേഷണത്തിന്റെ ഭാഗമായി വായിച്ച 500ല്പരം



പുസ്തകങ്ങളുടെ പേരും കുറിച്ചിട്ടുണ്ട്. വായിച്ച വരികൾ അപ്പാടെ പകർത്തുകയല്ല ചെയ്തത്, ആ വരികൾക്കിടയിലൂടെ ഞാൻ എന്ത് കണ്ടെത്തിയെന്നാണ് പറഞ്ഞിരിക്കുന്നത്. മേരി മഗ്ദലീന പറയുന്നതെല്ലാം എന്റെ അനുഭവങ്ങളാണ്. അവൾ വെറുമൊരു സ്ത്രീയല്ല, പ്രകൃതി തന്നെയാണ്.പെണ്ണിന്റെ എല്ലാ ഋതുക്കളും അവളിലുണ്ട്.എനിക്ക് ചുറ്റും നിൽക്കുന്ന നിരാലംബരുടെ നിലവിളിയാണത്. അഭയാർഥികളുടെ കണ്ണീരിൽ കുതിർന്ന് ആ ഭൂമിക നനഞ്ഞിട്ടുണ്ട്.എന്റെ സ്വപ്നങ്ങളുടെയും കാമനകളുടെയും വർണ്ണങ്ങളാണ് ഞാനതിൽ ചാലിച്ചത്.




**കോവിഡ് കാലത്തെ ഓർമ്മകൾ?**

സ്ത്രീക്ക് ആസ്വദിക്കാവുന്ന എല്ലാം ഞാൻ അങ്ങേയറ്റം ആസ്വദിച്ചു. അതിൽ പ്രധാനം മാതൃത്വം തന്നെയാണ്.ഇരുപതാം വയസ്സുമുതൽ അനാഥാലയത്തിലെ പത്തോളം കുഞ്ഞുങ്ങളുടെ അമ്മയായി തീർന്നവളാണ് ഞാൻ. മകൻ നിത്യനുമൊത്തുള്ള നിമിഷങ്ങൾ എനിക്ക് എക്കാലവും പ്രിയപ്പെട്ടതാണ്. പതിനെട്ട് വയസ്സുണ്ടെങ്കിലും അവനിന്നുമെനിക്ക് കുഞ്ഞാണ്. സൂപ്പർ ബ്രെയിൻ കിഡ് എന്നുവിളിക്കാം.നൊബേൽ സമ്മാനം ലഭിച്ച എല്ലാ പുസ്തകങ്ങളും അവൻ വായിച്ചിട്ടുണ്ട്. ലോക സിനിമയെക്കുറിച്ചും അപാര അറിവാണ്.ലോക്ക്ഡൗൺ സമയത്ത് മണിക്കൂറുകളോളം മടുപ്പില്ലാതെ ഞങ്ങൾ ഫിലോസഫി സംസാരിച്ചു. യൂട്യൂബ് വീഡിയോ നോക്കി, ഒരുമിച്ച് പാചകപരീക്ഷണങ്ങൾ നടത്തുന്നതും രസമായിരുന്നു.

കോവിഡ് കാലത്ത് ഒറ്റപ്പെട്ടുപോയവരോടൊക്കെ സൂം മീറ്റിലൂടെ സംവദിച്ചു. ഭക്ഷണത്തിന് ബുദ്ധിമുട്ടിയവർക്ക് എന്റെ കൈകൊണ്ടുണ്ടാക്കിയ ഫുഡ് നൽകി. ഓൾഡ് ഏജ് ഹോമുകളിലെ അന്തേവാസികൾക്ക് പുസ്തകങ്ങൾ എത്തിച്ചു നൽകി. രണ്ടുതരം അനുഭവങ്ങളിലൂടെയാണ് കോവിഡ് കാലത്ത് സ്ത്രീകൾ കടന്നുപോയത്. ഇണയുടെ സ്നേഹം ലഭിക്കുന്നവർക്ക് അത് യഥേഷ്ടം ലഭ്യമായി. പൊരുത്തപ്പെടാൻ ബുദ്ധിമുട്ടുള്ളവർക്കാകട്ടെ, ഒരു വീട്ടിൽ രണ്ടുമനസ്സുമായി കൂടുതൽ സമയം ഒരുമിച്ച് ചിലവിടുന്നതിന്റെ ശ്വാസം മുട്ടായിരുന്നു. അങ്ങനെ സംഘർഷം അനുഭവിച്ചവരുടെ പരാതികൾക്ക് പരിഹാരം നിർദ്ദേശിക്കാനും സമയം കണ്ടെത്തി. പ്രകൃതിയുമായി കൂടുതൽ ഇണങ്ങാനും ആഴത്തിൽ വായിക്കാനും കോവിഡ് കാലം പ്രയോജനപ്പെട്ടു.

**ഇന്ത്യയിൽ നിന്ന് അമേരിക്കയിൽ കാണുന്ന പ്രധാന വ്യത്യാസങ്ങൾ?**

കോളജിൽ പഠിക്കുമ്പോൾ ഇന്ത്യയിൽ വച്ചു തന്നെ സ്വിമ്മിങ് സ്യൂട്ടിട്ട് നീന്താൻ പോകുമായിരുന്നു. നാട്ടിൽ സ്ത്രീശരീരം ഒരു കാഴ്ചവസ്തു ആയതിനാൽ എത്തിനോട്ടം പതിവായിരുന്നു. അമേരിക്കയിൽ വേഷം ഒരു പ്രശ്നമേ അല്ല. ഇവിടെ വ്യക്തിജീവിതത്തിലേക്ക് ആരും അതിക്രമിച്ച് കടക്കുന്നില്ല. ജീവജാലങ്ങളെ നന്നായി പരിപാലിക്കുന്ന രാജ്യമാണ് അമേരിക്ക. ഒരിക്കൽ ഒരു മാനിന്റെ കുഞ്ഞ് വീട്ടിൽ വന്ന വിവരം അധികൃതരെ അറിയിച്ചപ്പോൾ, അവർ അതിനെ ഇവിടെ വന്ന് കൂട്ടിക്കൊണ്ടുപോയി.അതേ സമയം, ഫ്ലോറിഡയിൽ മലമ്പാമ്പിനെ കൊന്നാൽ പണം കൊടുക്കുന്ന ഏർപ്പാടുണ്ട്. ഷിക്കാഗോയിൽ അങ്ങനെ ചെയ്താൽ ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വരും.പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് വേണ്ടി വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത നിയമങ്ങൾ നല്ലതാണ്. കേരളത്തിലെ തെരുവ് നായ പ്രശ്നം കാണുമ്പോൾ ഇവിടുത്തെ നിയമം എത്ര നല്ലതാണെന്ന് തോന്നാറുണ്ട്.ഒരു കാമുകിയെ സ്നേഹനിധിയായ പുരുഷൻ കാണുന്നതുപോലെയാണ് അമേരിക്കയിൽ പ്രകൃതിയോടുള്ള സമീപനം. ഭർത്താവായി കഴിഞ്ഞാൽ സ്വന്തമായിക്കഴിഞ്ഞെന്ന ധാർഷ്ട്യമുണ്ടല്ലോ,അതാണ് ഇന്ത്യക്കാർക്ക് പ്രകൃ

തിയോടുള്ള സമീപനം. മണ്ണുമാന്തിയും പ്ലാസ്റ്റിക് വലിച്ചെറിഞ്ഞും എങ്ങനെയും ദ്രോഹിക്കും. ലൈംഗീക വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും നമ്മുടെ നാട് ഏറെ പിന്നിലാണ്.രാത്രി എട്ടുമണിക്ക് ശേഷം ഇന്ത്യയിൽ എത്ര സ്ത്രീകൾക്ക് സുരക്ഷിതരായി പുറത്തിറങ്ങി നടക്കാൻ കഴിയും. അമേരിക്കയിൽ സ്ത്രീ പുറത്തിറങ്ങുന്നതിന് അസമയം എന്നൊന്ന് കല്പിച്ചിട്ടില്ല.

**ചാരിതാർഥ്യം തോന്നിയ അനുഭവങ്ങൾ?**

സിവിക് ചന്ദ്രനെപ്പോലെ എഴുപതുകാരനായ എഴുത്തുകാരൻ ദളിത് സ്കോളറായ യുവതിയെ ലൈംഗീകമായി അധിക്ഷേപിച്ചു എന്ന് പറയുന്ന കേസിൽ അയാൾക്ക് കോടതി ജാമ്യം അനുവദിച്ചത് സ്ത്രീയുടെ വസ്ത്രമാണ്(കയ്യില്ലാത്ത ഉടുപ്പ്) പ്രശ്നം എന്ന് പരാമർശിച്ചുകൊണ്ടാണ്. ഹൈക്കോടതിയിൽ അതിനെതിരെ റിറ്റ് സമർപ്പിക്കുന്നതിൽ ഭാഗമാകാൻ സാധിച്ചതിൽ ചാരിതാർഥ്യമുണ്ട്.മറ്റൊരു സംഭവം കൂടി പറയാം. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി പെൺതൊഴിലാളികൾ ചേർന്ന് തുടങ്ങിയ പെമ്പിള ഒരുമ എന്ന രാഷ്ട്രീയ പ്രസ്ഥാനത്തെക്കുറിച്ച് ബിബിസി വരെ റിപ്പോർട് ചെയ്തിട്ടുള്ളതാണ്. മാർക്സിസ്റ്റ് പാർട്ടിയിൽ ഉണ്ടായിരുന്ന ഗോമതിയാണ് അതിന്റെ നേതാവ്. ആദ്യം അവരെ പുകഴ്ത്തിയ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി, വരുതിയിൽ കാര്യങ്ങൾ നിൽക്കുന്നില്ലെന്ന് കണ്ടപ്പോൾ അവരെ തഴഞ്ഞു.വർഷങ്ങളായി അഞ്ചും ആറും അംഗങ്ങളുള്ള തോട്ടം തൊഴിലാളി കുടുംബങ്ങൾ ഒറ്റമുറിവീട്ടിൽ ക്ലേശകരമായാണ് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നത്. അങ്ങനെയുള്ള സ്ഥലത്ത്,മണ്ണിടിച്ചിൽ നടന്ന് കുറേ ആളുകൾ മരിച്ചപ്പോൾ തങ്ങളുടെ വിഷമമറിയിക്കാൻ അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനെ കാണാൻ ശ്രമം നടത്തി. എന്തോ അസൗകര്യം കൊണ്ട് അദ്ദേഹമവരെ കാണാൻ കൂട്ടാക്കിയില്ല.ഇതിൽ പ്രതിഷേധിച്ച് ഗോമതിയും ഏതാനും സ്ത്രീകളും വഴിതടഞ്ഞു. പോലീസുകാർ അതിക്രൂരമായാണ് ആ സ്ത്രീകളോട് പെരുമാറിയത്. അവരെ മർദ്ദിച്ചത് കണ്ട് മറ്റാരും ശബ്ദം ഉയർത്തിയില്ല.വനിതാ കമ്മീഷനും മനുഷ്യാവകാശ കമ്മീഷനും ഈ സാഹചര്യം വിശദീകരിച്ച് പരാതി സമർപ്പിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സംതൃപ്തിയുണ്ട്.

**സ്വയമൊരു കമ്മ്യൂണിസ്റ്റ് എന്ന് പറയുമ്പോൾ തന്നെ, കേരളത്തിലെ ഇടതുസർക്കാരിനെ താങ്കൾ എതിർക്കുന്നുണ്ടല്ലോ?**



സമത്വമാണ് ഞാൻ വിശ്വസിക്കുന്ന കമ്മ്യൂണിസം. ആരുടേയും അവകാശങ്ങൾ നിഷേധിക്കപ്പെടരുത്. കമ്മ്യൂണിസ്റ്റുകാരിയാണെന്ന് പറഞ്ഞ് അമേരിക്കൻ മലയാളികൾ എന്നെ ഒറ്റപ്പെടുത്തിയിട്ടുണ്ട്. സമ്മേളനങ്ങൾക്കൊന്നും ക്ഷണിച്ചിരുന്നുമില്ല. കമ്മ്യൂണിസ്റ്റുകാർക്ക് ദൈവമില്ലാത്തതായിരുന്നു പ്രശ്നം. ഇന്നിപ്പോൾ കേരള കോൺഗ്രസ് ഇടതുപക്ഷവുമായി സമവാക്യത്തിലെത്തിയതോടെ അമേരിക്കയിലെ സകല ബിസിനസുകാരും കമ്മ്യൂണിസ്റ്റായി. ലോക കേരള സഭയിലുള്ളവർക്കൊക്കെ പിണറായി വിജയൻ ദൈവമാണ്. തെറ്റെന്ന് തോന്നുന്നത് അന്നും ഇന്നും തുറന്നുപറയുന്നതുകൊണ്ട്, ഞാനിപ്പോൾ കമ്മ്യൂണിസ്റ്റ് അല്ലെന്നാണ് ആളുകൾ പറയുന്നത്.

**വിശ്രമജീവിതം എവിടെ ചെലവഴിക്കാനാണ് ആഗ്രഹം?**

വർഷത്തിൽ രണ്ടുമൂന്ന് തവണയെങ്കിലും കേരളത്തിലെ സാംസ്കാരിക പ്രശ്നങ്ങളിൽ ഇടപെടുന്ന വ്യക്തി എന്ന നിലയിൽ, ഭൂതലം എനിക്ക് സമസ്തമായൊരു ബോധമാണ് തരുന്നത്.അമേരിക്കൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമാണ് ഞാൻ.പലസ്തീനിൽ നിന്നും ഇറാനിൽ നിന്നും ക്യൂബയിൽ നിന്നുമുള്ള പ്രതിനിധികൾക്കൊപ്പം സൂം മീറ്റിൽ ഞാനും കഴിഞ്ഞ ആഴ്ച പങ്കെടുത്തിരുന്നു. എല്ലാ ഇടങ്ങളിലെയും അവസ്ഥകളെക്കുറിച്ച് എനിക്ക് അവബോധമുണ്ട്. എന്നെ ഒരുകാലത്തും കേരളക്കര സ്വീകരിക്കാൻ പോകുന്നില്ലെന്ന് ഉറപ്പാണ്.തലതിരിഞ്ഞൊരു ഭ്രാന്തിയായാണ് മലയാളികൾ എന്നെ കാണുന്നത്.

അവരുടെ പ്രീതിനേടാൻ മുഖംമൂടി എടുത്ത് വയ്ക്കാൻ ഞാൻ ഒരുക്കമല്ല.